5

# യേശുവിന്റെ മടങ്ങിവരവ്

യേശു പിതാവിന്റെ അടുക്കലേക്ക് സ്വർഗാരോഹണം ചെയ്ത നാൾ മുതൽ ക്രിസ്ത്യാനികൾ അവന്റെ വരവിനായി കാത്തിരിക്കുകയാണ്. ആ സംഭവത്തിന്റെ വലുപ്പവും, നൽകിയ വിവരണങ്ങളുടെ ചുരുക്കവും നോക്കിയാൽ, പല ആശയങ്ങളും അതിനെ കുറിച്ച് ഉയർന്നിരിക്കുന്നതിൽ ഒരുപക്ഷെ നാം അതിശയിക്കുകയില്ല. ഈ പാഠത്തിലും, അടുത്തതിലും, അവന്റെ വരവിനെ കുറിച്ച് ബൈബിൾ എന്തു പഠിപ്പിക്കുന്നു എന്നും, അതിനെ കുറിച്ച് ഉയർന്നിട്ടുള്ള വിവിധ കാഴ്ച്ചപ്പാടുകളും നാം പരിശോധിക്കും.

### അവന്റെ മടങ്ങിവരവ് വസ്തുത

"രണ്ടാം വരവ്" "രണ്ടാം ആവിർഭാവം" എന്നിവയൊന്നും തിരുവെഴുത്തിലില്ലെങ്കിലും, "വീണ്ടും വരും" എന്ന പ്രയോഗമാണ് ആ സംഭവത്തെ സൂചിപ്പിച്ചിരിക്കുന്നത് (യോഹന്നാൻ 14:3) "രണ്ടാമതു" പ്രത്യക്ഷനാകുമെന്നും പറയുന്നുണ്ട് (എബ്രായർ 9:28). യേശുവിന്റെ രണ്ടാം വരവിനെ കുറിച്ചു പ്രതിപാദിക്കുവാൻ വിവിധ ഗ്രീക്കുവാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്.

യേശു മടങ്ങി വരുന്നതിനെ സൂചിപ്പിച്ച് *അപോകാലുപ്സിസ്* എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് "വരുന്നു" എന്നാണ് (1 കൊരിന്ത്യർ 1:7; കെജെവി), "വെളിപ്പെടുത്തി," "വെളിപ്പാട്" (2 തെസലൊനിക്യർ 1:7; 1 പത്രൊസ് 1:13; 4:13), "പ്രത്യക്ഷത" (1 പത്രൊസ് 1:7; കെജെവി). ഭൂമിയിലായിരുന്നപ്പോൾ, യേശുവിനെ ഭൗമിക ശരീരത്തോടുകൂടിയാണ് കണ്ടത്, എന്നാൽ, അവന്റെ ദൈവിക സ്വഭാവം പൂർണ്ണമായി വെളിപ്പെടുത്തിയിരുന്നില്ല. എങ്ങനെയായാലും, അവൻ വീണ്ടും വരുമ്പോൾ, അവന്റെ ദൈവിക തേജസ് പൂർണ്ണമായും വെളിപ്പെടുത്തും (ഗ്രീക്ക്.: *ഫനേരൂ*, അർത്ഥം "അറിയായ്വന്നു"; കൊലൊസ്യർ 3:4).

*എപ്പിഫാനിയ* എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് "വരുന്നു," "പ്രത്യക്ഷത" എന്നിവയാണ്, അവ യേശുവിന്റെ രണ്ടാം വരവിനു വേണ്ടി മാത്രമെ ഉപയോഗിച്ചിട്ടുള്ളു (2 തെസലൊനിക്യർ 2:8; 1 തിമൊഥെയൊസ് 6:14; 2 തിമൊഥെയൊസ് 1:10; 4:1, 8; തിത്തൊസ് 2:13).

യേശുവിന്റെ മടങ്ങി വരവിനെ കുറിച്ച് പലപ്പോഴും ഉപയോഗിച്ചിരിക്കുന്ന വാക്ക് *പരൗസിയ* ആണ് (1 കൊരിന്ത്യർ 15:23; 1 തെസലൊനിക്യർ 2:19; 3:13; 4:15; 5:23; 2 തെസലൊനിക്യർ 2:1, 8; യാക്കൊബ് 5:7, 8; 2 പത്രൊസ് 1:16; 3:4, 12; 1 യോഹന്നാൻ 2:28).

അവന്റെ വീണ്ടും വരവിനെ ഉറപ്പിക്കുന്നവയാണ് ആ പ്രയോഗങ്ങളും, തിരുവെഴുത്തിൽ ധാരാളം ഭാഗത്ത് അവ പ്രത്യക്ഷപ്പെടുന്നതും. അവയോടുകൂടി, പ്രയോഗങ്ങളായ "നാൾ," "കർത്താവിന്റെ നാൾ," "ക്രിസ്തുവിന്റെ ദിവസം" എന്നിവയും അവന്റെ വീണ്ടും വരവിന്റെ സമയത്തെ സൂചിപ്പിച്ച് ഉപയോഗിച്ചിരിക്കുന്നവയാണ്.[1] ആ പ്രയോഗങ്ങൾ അവന്റെ വീണ്ടും വരവിനെ കുറിച്ചാണോ പറഞ്ഞിരിക്കുന്നത് എന്നു സന്ദർഭം മാത്രമെ വ്യക്തമാക്കുകയുള്ളു.

## അവന്റെ മടങ്ങിവരവ് സമയം

യേശു സ്വർഗാരോഹണം ചെയ്തശേഷം കള്ളപ്രവാചകന്മാർ അവൻ മടങ്ങി വരുന്ന സമയം പ്രഖ്യാപിക്കുകയുണ്ടായിട്ടുണ്ട് (ആവർത്തനപുസ്തകം 18:20–22). അവയിൽ ഏറ്റവും നന്നായി അറിയപ്പെട്ട തീയതികൾ താഴെ കൊടുത്തിരിക്കുന്നു:

| | |
|---|---|
| വില്യം മില്ലർ | ഒക്ടോ. 22, 1843 |
| ചാൾസ് ടെയ്സ് റസൽ | ഒക്ടോ. 1914 |
| ജഡ്ജ് ജെ. എഫ്. റൂതർഫോർഡ് | 1928 |
| ഹെർബർട്ട് ഡബ്ലിയു. ആംസ്ട്രോങ്ങ് | 1972 |
| യഹോവയുടെ സാക്ഷികൾ | ശരൽക്കാലം 1975 |
| ഹാൽ ലിൻസി[2] | 1995 |

“ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവ് മാത്രമല്ലാതെ, ആരും സ്വർഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല” എന്നു പറഞ്ഞിട്ടുപോലുമാണ് ആ തീയതികളുടെ പ്രഖ്യാപനം എന്നോർക്കുക (മത്തായി 24:36). അവന്റെ വീണ്ടും വരവ് കള്ളൻ വരുന്നതുപോലെ ആയിരിക്കും (മത്തായി 24:42–44; 1 തെസലൊനിക്യർ 5:2; 2 പത്രൊസ് 3:10), അതിനർത്ഥം അതു മുന്നറിയിപ്പുകൂടാതെ, അപ്രതീക്ഷിതമായിരിക്കും എന്നാണ്. യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു, “പിതാവ് തന്റെ സ്വന്ത അധികാരത്തിൽ വെച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയോ അറിയുന്നത് നിങ്ങൾക്കുള്ളതല്ല” (പ്രവൃത്തികൾ 1:7).

പുതിയനിയമത്തിൽ കർത്താവ് വീണ്ടും വരുന്ന തീയതി അറിയിച്ചിട്ടില്ലെങ്കിലും, അവന്റെ വരവിന് മുൻപ് ചില കാര്യങ്ങൾ സംഭവിക്കുമെന്ന് മുന്നറിയിച്ചിട്ടുണ്ട്:

(1) അവൻ പോയതിനും മടങ്ങിവരുന്നതിനും ഇടക്കു കണക്കുതീർക്കൽ സംഭവിക്കണം (മത്തായി 25:19; പ്രവൃത്തികൾ 3:20, 21).

(2) യെഹൂദന്മാരും ജാതികളും ഒരു കൂട്ടം ആയിത്തീരണം (യോഹന്നാൻ 10:16).

(3) യെരുശലേം വീഴണം (മത്തായി 24:1, 2; മർക്കൊസ് 13:1, 2; ലൂക്കൊസ് 21:20–24).

(4) “അധർമ്മ മൂർത്തിയുടെ പ്രത്യക്ഷതയും” വിശ്വാസത്യാഗവും (2 തെസലൊനിക്യർ 2:1–3).

(5) പിന്നീട് ദുഷ്ടത പെരുകുകയും ആളുകൾ വിശ്വാസം വിട്ടുകളകയും ചെയ്യും (1 തിമൊഥെയൊസ് 4:1, 2; 2 തിമൊഥെയൊസ് 3:1–5).

(6) അവന്റെ മടങ്ങിവരവിനെ ആളുകൾ ചോദ്യം ചെയ്യത്തക്കവണ്ണം സമയം നീണ്ടുപോകും (2 പത്രൊസ് 3:3–9).

(7) അവന്റെ വരവിനു മുൻപ് വെളിപ്പാടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നിറവേറണം.

നമുക്ക് അറിയാവുന്നേടത്തോളം, അവന്റെ വരവിന് മുൻപ് സംഭവിക്കേണ്ടതെല്ലാം സംഭവിച്ചിട്ടുണ്ട്.

## അവന്റെ വരവിന്റെ സ്വഭാവം

ക്രിസ്തു എങ്ങനെ വീണ്ടും വരുമെന്ന് പുതിയനിയമത്തിൽ ആവേശകരമായി വിശദമാക്കുന്നുണ്ട്. നാം ജീവനോടുകൂടിയിരിക്കുമ്പോഴാണ് അവൻ വരുന്നതെങ്കിൽ, ...

*നാം യേശുവിനെ കാണും!* (1 തെസലൊനിക്യർ 4:16; വെളിപ്പാട് 1:7).

*അവന്റെ വിശുദ്ധ ദൂതന്മാരെ നാം കാണും!* (മർക്കൊസ് 8:38).

*പ്രധാനദൂതന്റെ ശബ്ദവും കാഹളനാദവും നാം കേൾക്കും!* (യോഹന്നാൻ 5:28; 1 കൊരിന്ത്യർ 15:52; 1 തെസലൊനിക്യർ 4:16).

*അവൻ അഗ്നിജ്വാലയിൽ, ശക്തിയോടും തേജസോടും കൂടി മേഘാരൂഢനായി വരുന്നതു നാം കാണും!* (വെളിപ്പാട് 1:7; 2 തെസലൊനിക്യർ 1:7; ലൂക്കൊസ് 21:27).

വിട്ടുപോയ വിശുദ്ധന്മാർ (യൂദാ 14) യേശു മടങ്ങി വരുമ്പോൾ അവനോടുകൂടെ വരുമെന്ന് ചിലർ പഠിപ്പിച്ചിട്ടുണ്ട്. ഗ്രീക്ക് അഡ്ജക്റ്റീവ് *ഹാഗിയോസ്* തർജിമ ചെയ്തിരിക്കുന്നത് "വിശുദ്ധ" അല്ലെങ്കിൽ "വിശുദ്ധർ" എന്നാണ്, അത് "വിശുദ്ധന്മാർ" എന്നും തർജിമ ചെയ്തിട്ടുണ്ട്. യേശു *ഹാഗിയോസു*മായി വീണ്ടും വരുമോ? എന്നതല്ല ചോദ്യം - കാരണം അങ്ങനെ അവൻ വരും. "*ഹാഗിയോസ്* എന്നതു 'വിശുദ്ധ ആളുകളോ' അതോ അവന്റെ 'വിശുദ്ധദൂതന്മാരോ'? എന്നതാണ്." അവനോടുകൂടി വരുന്നവരുടെ പേരുകൾ ഓരോ സമയത്തും പറഞ്ഞിട്ടുണ്ട്. അവരെ "ദൂതന്മാർ" എന്നും (മത്തായി 13:39–49; 16:27) അല്ലെങ്കിൽ "ശക്തിയുള്ള ദൂതന്മാർ" എന്നും (2 തെസലൊനിക്യർ 1:7) അല്ലെങ്കിൽ "വിശുദ്ധ ദൂതന്മാർ" എന്നും പറഞ്ഞിട്ടുണ്ട് (മർക്കൊസ് 8:38). അവനോടുകൂടി വരുന്ന "വിശുദ്ധർ," "വിശുദ്ധന്മാർ" മരിച്ചു വേർപെട്ടുപോയ, നീതിമാന്മാരായ ആളുകളല്ല, ദൂതന്മാർ തന്നെ ആയിരിക്കണം. അവർ അവനോടുകൂടെ വരികയില്ല, അവന്റെ വീണ്ടും വരവിൽ അവർ ഉയർത്തെഴുന്നേൽക്കും.

## അവന്റെ മടങ്ങിവരവിന്റെ സംഭവങ്ങൾ

യേശുവിന്റെ വീണ്ടും വരവിൽ സംഭവിക്കുന്ന കാര്യങ്ങൾ വളരെ പെട്ടെന്നായിരിക്കും. തിരുവെഴുത്തിൽ ലിസ്റ്റ് ചെയ്തിട്ടുള്ളവ താഴെ കൊടുത്തിരിക്കുന്നു: ഭൂമിയിൽ ദുഷ്ടതയും അവിശ്വസ്തയും യേശു കാണും (ലൂക്കൊസ് 17:26–30; 18:8). മരിച്ചവരെല്ലാവരും യേശുവിന്റെ ശബ്ദം കേട്ടു ജീവിക്കും (യോഹന്നാൻ 5:28, 29; 1 തെസലൊനിക്യർ 4:16). അവസാനശത്രുവായ മരണത്തിന്റെ അവസാനമായിരിക്കും അത് (1 കൊരിന്ത്യർ 15:26, 55; വെളിപ്പാട് 20:14). അവന്റെ വരവിൽ ജീവനോടെയിരിക്കുന്നവർക്ക് കണ്ണിമക്കുന്നതിനിടയിൽ രൂപാന്തരം സംഭവിക്കും (1 കൊരിന്ത്യർ 15:51). ഉയർത്തെഴുന്നേറ്റവരും ജീവനോടെയിരിക്കുന്നവരും മേഘത്തിൽ യേശുവിനെ എതിരേൽക്കും (1 തെസലൊനിക്യർ 4:17). ഒന്നാമത്തെ ആകാശവും ഭൂമിയും നശിച്ചുപോകും (2 പത്രൊസ് 3:10–12; മത്തായി 24:35; വെളിപ്പാട് 20:11). പിശാചിന്റെ പ്രവൃത്തികൾ അവസാനിക്കയും അവന്റെ യാതന ആരംഭിക്കയും ചെയ്യും (മത്തായി 25:41; വെളിപ്പാട് 20:10). യേശു സിംഹാസനത്തിൽ ഇരിക്കയും എല്ലാവരും ന്യായവിധിക്കായി അവന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുകയും ചെയ്യും (മത്തായി 25:31, 32; യോഹന്നാൻ 5:22; 2 കൊരിന്ത്യർ 5:10; 2 തിമൊഥെയൊസ് 4:1; വെളിപ്പാട് 20:11). ഇപ്പോഴത്തെ ക്രമ

മെല്ലാം അവസാനിക്കുകയും എല്ലാം യഥാസ്ഥാനപ്പെടുകയും ചെയ്യും (1 കൊരിന്ത്യർ 15:24; പ്രവൃത്തികൾ 3:21; എഫെസ്യർ 1:10). ന്യായവിധിക്കുള്ള സമയം ആരംഭിക്കും (വെളിപ്പാട് 20:11–15) പിന്നെ ''രക്ഷാദിവസവും'' (2 കൊരിന്ത്യർ 6:1, 2) കടന്നുപോകും. യേശു തന്റെ ഭൗമികശക്തിക്കെല്ലാം നീക്കം വരുത്തീട്ട് രാജ്യം പിതാവായ ദൈവത്തിന് ഏല്പിച്ചുകൊടുക്കും (1 കൊരിന്ത്യർ 15:24).

ഇപ്പോൾ യേശു സ്വർഗവും ഭൂമിയും ഭരിച്ചുകൊണ്ടിരിക്കുന്നു (മത്തായി 28:18; 1 കൊരിന്ത്യർ 15:27). അവൻ മടങ്ങി വരുമ്പോൾ അവന്റെ പ്രപഞ്ചത്തിന്റെ ഏകാധിപത്യം അവസാനിപ്പിക്കും. സൃഷ്ടിക്കുമുൻപ് ആയിരുന്നതുപോലെ, അവനും പിതാവും തുല്യമായി സ്വർഗീയ വാഴ്ച്ച നടത്തും (യോഹന്നാൻ 17:5; 1 കൊരിന്ത്യർ 15:28).

നാമെല്ലാം അവന്റെ വരവിലെ സംഭവങ്ങൾക്കായി ഒരുങ്ങേണ്ടിയിരിക്കുന്നു. നമുക്ക് വേണ്ടി യേശു സ്ഥലം ഒരുക്കുവാൻ പോകുന്നു എന്നു പറഞ്ഞ വാഗ്ദാനം സത്യമായ് തീരുന്നതുപോലെ, താൻ വീണ്ടും വരുമെന്ന അവന്റെ വാഗ്ദാനവും സത്യമായി തീരും (യോഹന്നാൻ 14:3). നാം അവന്റെ വരവിനായി കാത്തിരിക്കണം (2 പത്രൊസ് 3:12), അതിനായി ഉൽസാഹത്തോടെ നോക്കി പാർത്തിരിക്കേണം (1 കൊരിന്ത്യർ 1:7; 1 തെസലൊനിക്യർ 1:10; യാക്കൊബ് 5:7). അതു സംഭവിക്കുവോളം തുടർച്ചയായി സഹിച്ചുകൊണ്ടിരിക്കണം (മത്തായി 25:1–13), അതിനുവേണ്ട ഒരുക്കങ്ങൾ നടത്തിക്കൊണ്ടേയിരിക്കണം (2 തിമൊഥെയൊസ് 4:8), എങ്കിൽ നാം അവൻ വരുമ്പോൾ സന്തോഷിക്കും (1 പത്രൊസ് 4:13), എന്നാൽ അവനെ അനുസരിക്കാതിരുന്നവർ ഭയന്നു വിറച്ചു നിലവിളിക്കും (എബ്രായർ 10:31; വെളിപ്പാട് 1:7).

## ഉപസംഹാരം

യേശുവിന്റെ വീണ്ടും വരവ് മനുഷ്യ ചരിത്രത്തിന്റെ മൂർദ്ധന്യാവസ്ഥയായിരിക്കും. യേശുവിന്റെ മടങ്ങിവരവിനെകുറിച്ചും സമയത്തെ കുറിച്ചും പലരും തെറ്റിദ്ധരിച്ചിട്ടുള്ളതുകൊണ്ട്, ആ വലിയ ദിവസത്തിനായി എപ്രകാരം ഒരുങ്ങുവാനാണ് ബൈബിൾ പഠിപ്പിക്കുന്നതെന്ന് നമുക്ക് അവരെ അറിയിക്കാം. എല്ലാറ്റിലുമുപരി, നാം അവന്റെ വരവിനായി ഒരുങ്ങണം. നാം ഒരുങ്ങിയിരുന്നാൽ, ഒരുക്കത്തിനായി നാം നടത്തിയ പരിശ്രമങ്ങളെല്ലാം വിലയുള്ളതാകും. നാം ഒരുങ്ങാതിരുന്നാൽ, നാം കൈവരിച്ച നേട്ടങ്ങളും, വിജയങ്ങളും പുകഴ്ച്ചകളും ആസ്വദിച്ചതെല്ലാം ആ വലിയ ദിവസം ഒന്നുമല്ലാതാകും.

---

കുറിപ്പുകൾ

[1]മത്തായി 7:22; 1 കൊരിന്ത്യർ 1:8; 5:5; 2 കൊരിന്ത്യർ 1:14; ഫിലിപ്പിയർ 1:6, 10; 2:16; 1 തെസലൊനിക്യർ 5:2; 2 തെസലൊനിക്യർ 2:2; 2 തിമൊഥെയൊസ് 1:18; 4:8; 2 പത്രൊസ് 3:10. [2]യേശുവിന്റെ മടങ്ങിവരൽ 1844-ൽ ആയിരിക്കുമെന്ന് വിശ്വസിച്ച മതപരമായ ഒരു സംഘടനയിലെ ഒരു ബാപ്റ്റിസ്റ്റ് പ്രീച്ചറായിരുന്നു മില്ലർ. ആ സംഘടനയിൽ നിന്നു വിട്ടുപോയ ചിലരാണ് ഇന്ന് സെവെന്ത് ഡേ അഡ്വെന്റ്റിസ്റ്റ് ചർച്ച് എന്നറിയപ്പെടുന്നത്. ഒരു സംഘാടകനും ആദ്യത്തെ പ്രെസിഡന്റായി ഒരു പ്രസ്ഥാനം തുടങ്ങിയതാണ് "യഹോവയുടെ സാക്ഷികൾ" എന്നറിയപ്പെടുന്നത്. ആ സംഘടനയുടെ രണ്ടാമത്തെ പ്രസിഡന്റ് ആയിരുന്ന റൂതർഫോർഡ് അതിന് "യഹോവയുടെ സാക്ഷികൾ" എന്ന പുതിയ പേരിട്ടു. റേഡിയോ ചർച്ച് ഓഫ് ഗോഡ് എന്ന സംഘടന സ്ഥാപിച്ച ആളായിരുന്നു ആംസ്ട്രോങ്. *ദ ലേറ്റ് ഗ്രെയിറ്റ് പ്ലാനെറ്റ് എർത്തിന്റെ* ലേഖകനായിരുന്നു. [3]അവൻ പോയതുപോലെ തിരിച്ചുവരും (പ്രവൃത്തികൾ 1:11).